പൂർത്തീകരിക്കാൻ കഴിയില്ല. ഇപ്പോൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടത്തിന്റെ പണി നടക്കുന്നുണ്ട്. ആ കെട്ടിടത്തിനു പുറമെ ഒരു പുതിയ കെട്ടിടവുംകൂടി വേണം. ഇതിനുവേണ്ടി 5 ലക്ഷം രൂപയെങ്കിലും സാമ്പത്തികസഹായം നൽകാനുള്ള നിർദ്ദേശം ആരോഗ്യവകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ അവസാന തീരുമാനം എടുക്കേണ്ടതാണ്. തീർച്ചയായും അനുകൂല തീരുമാനം എടുക്കും എന്ന് പ്രതീക്ഷിക്കുന്നു.

(10) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ സഭയിൽ നാലാമത് തവണയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1996-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രഖ്യാപിച്ചതാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമെന്നും ആലപ്പുഴയിൽ എലിപ്പനി വന്ന് നൂറ് കണക്കിനാളുകൾ മരിച്ച സംഭവം ഉണ്ടാകുകയും പിന്നീട് കോളറ അടക്കമുള്ള സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുകയും ചെയ്ത ഒരു പ്രദേശമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ആലപ്പുഴയിൽ 'പുനാമോഡൽ' വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം എന്നുള്ള തീരുമാനമാണ് സർക്കാർ എടുത്തത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം അതിനുള്ള ശ്രമങ്ങൾ തുടങ്ങി. പക്ഷെ മൂന്നു വർഷം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടാണ് അന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നത്. അത് നടപ്പിലാക്കുന്നതിനുപകരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ വെള്ളം ചേർത്തുകൊണ്ടുള്ള സമീപനമാണ് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നിർദ്ദിഷ്ട പുനാമോഡൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴയിൽ പ്രവർത്തിപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ പാടില്ല. അടിയന്തിരമായി അതു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, പുനാമോഡൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപനം '96-ൽ ഉണ്ടായെങ്കിലും അതിന്റെ പ്രോജക്ട് റിപ്പോർട്ടും മറ്റു കാര്യങ്ങളും ഉണ്ടായിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വെല്ലൂരിലെ ഒരു എക്സ്പെർട്ട് ഡോക്ടറെ ഏൽപ്പിക്കേണ്ടി വന്നു. 1997-98 ലെ വെബ്സെറ്റിൽ 10 ലക്ഷം രൂപയും 1998-99-ൽ 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആ സംഖ്യ ഉപയോഗിച്ച് ഓരോ സാധനങ്ങൾ വാങ്ങിക്കൊണ്ടിരുന്നു. 1999-2000-ത്തിൽ വീണ്ടും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് 16 ലക്ഷത്തോളം രൂപ വേണം. ഓരോ വർഷവും ചെറിയ സംഖ്യയേ നീക്കിവയ്ക്കാൻ കഴിയുന്നുള്ളു. ഏതായാലും ഇപ്പോൾ അത് പ്രവർത്തനം തുടങ്ങാമെന്ന നിലയിലായിട്ടുണ്ട്.

കേന്ദ്ര ഗവണ്മെന്റ് രാജ്യത്തെ 100 ജില്ലകളിൽ ഡിസീസ് സർവൈലൻസ് പദ്ധതി ആരംഭിക്കുകയുണ്ടായി. ഇതിൽ കേരളത്തിലെ അഞ്ചു ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 33.75 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ പണവും കൂടിയെടുത്ത് ഈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം ഡിസീസ് സർവൈലൻസ് സംവിധാനവും കൂടി ഏർപ്പെടുത്തിക്കൊണ്ട് സംയുക്തമായി ആലപ്പുഴ കേന്ദ്രീകരിച്ച് തുടങ്ങിയാൽ കേന്ദ്രഗവണ്മെന്റിന്റെ സഹായം കിട്ടും എന്നുള്ളതുകൊണ്ടാണ് പുനാമോഡൽ വൈറോളജി ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

റ്റ്യൂട്ടിന് വ്യത്യസ്തമായി ഡിസീസ് സർവൈലൻസ് പദ്ധതികൂടി സംയുക്ത മായി കൊണ്ടുപോകാനുള്ള തീരുമാനത്തിലെത്തിയത്. മന്ത്രിസഭയുടെ തീരു മാനപ്രകാരം ഡിസീസ് സർവൈലൻസ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ആലപ്പുഴ കേന്ദ്രമായി ഒരു സൊസൈറ്റി രൂപീകരിക്കാനാണ് തീരുമാ നമെടുത്തത്. 5.4.99-ൽ സർക്കാർ ഇതിന് അനുമതിയും നൽകിയിട്ടുണ്ട്. എല്ലാം പൂർത്തീകരിച്ച് ഏതാനും ആഴ്ചകൾക്കകം തുടങ്ങാനുള്ള സാഹ ചര്യം ആയിട്ടുണ്ട്. സാംക്രമിക രോഗങ്ങൾക്കും വൈറോളജിക്കും ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് ആണിത്. പ്രവർത്തനം മതിയാക്കിയ ചേർത്തലയിൽ വെക്ടർ കൺട്രോൾ റിസർച്ച് സെന്ററിലെ പരിചയസമ്പന്നരായ ജീവനക്കാർ പുറത്തു പോകണം. അതിനെ സംബന്ധിച്ച് ഈ സഭയിൽ മുൻപ് വന്നിരുന്നു. അവരെ പിരിച്ചുവിടരുത് എന്ന് ആവശ്യപ്പെട്ടിരുന്നു. ഈ മേഖലയിൽ പരിചയസമ്പന്ന രായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഇതിലുൾപ്പെടുത്തിക്കൊണ്ട് എങ്ങനെ നിയമനം നടത്തണം എന്ന് ഗവണ്മെന്റ് ആലോചിക്കുകയുണ്ടായി. അതനുസ രിച്ച് സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമ ങ്ങളും ചട്ടങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. സൊസൈറ്റി ആലപ്പുഴ രജിസ്ട്രാർ ഓഫീസിൽ ഈ ജൂൺമാസം 23-ാം തീയതി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ടഡ് ഡിസ്സസ് ഇൻ ഡിപ്പാർട്ടുമെന്റ് ഓഫ് മൈക്രോ ബയോളജി, ഗവണ്മെന്റ് മെഡി ക്കൽ കോളേജ് ആലപ്പുഴ എന്ന പേരിൽ ഈ ജൂൺമാസം 23-ാം തീയതി എ-475/99-ാം നമ്പരായി രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രവർത്തനം തുടങ്ങാനുള്ള എല്ലാ നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്.

(11) കോഴിക്കോട്ടെ സ്വപ്നനഗരി ടൂറിസം വികസന പദ്ധതി

<u>ശ്രീ. എം. ദാസൻ</u> : സർ, ടൂറിസം വികസനത്തിന്റെ ഭാഗമായി കോഴി ക്കോട് നഗരത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് രൂപകൽപ്പന ചെയ്ത സ്വപ്നന ഗരി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1987-ലെ എൽ.ഡി. എഫ്. ഗവണ്മെന്റിന്റെ കാലത്താണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. കോഴി ക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ടാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചത്. കോഴിക്കോട് നഗരത്തിൽ കാനോയിക്കനാലിന് കിഴക്ക് മനോഹരമായ കായലാണ്. ഇവിടെ സ്വപ്നന ഗരി പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നേരത്തെ ഗവണ്മെന്റ് തീരുമാനിച്ചിരുന്ന താണ്. ഇതിന്റെ ഭാഗമായി നേരത്തെ ബോട്ട് സർവീസ് ആരംഭിച്ചിരുന്നു. സ്വപ്നനഗരിക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള തടസ്സങ്ങളാണ് ഈ പദ്ധതിക്ക് തടസ്സമായി നിൽക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ടൂറിസം വികസനത്തിന് അനന്തമായ സാധ്യതയുള്ള ഈ സ്ഥലം കൈവശ പ്പെടുത്താനും കെട്ടിടങ്ങൾ നിർമ്മിക്കാനും സ്വകാര്യവ്യക്തികൾ ശ്രമിച്ചുകൊ ണ്ടിരിക്കുകയാണ്. 16.2.96-ൽ യു.ഡി.എഫ്. ഗവണ്മെന്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. ജില്ലാ ടൂറിസം പ്രൊമോ ഷൻ കൗൺസിൽ സ്വപ്നനഗരി പദ്ധതി ഉപേക്ഷിച്ചിരിക്കുന്നു എന്നും അവിടെ ചില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകുന്നതി നുള്ള നീക്കങ്ങൾ അക്കാലത്ത് നടന്നിരുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എത്രയുംവേഗം കോഴിക്കോട്ടെ സ്വപ്നനഗരി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly